A

# SAMAGRA SHIKSHA - KERALA

**1012**

## രണ്ടാം പാദവാർഷിക മൂല്യനിർണയം-2018

## അടിസ്ഥാനപാഠാവലി

സ്റ്റാന്റേർഡ് X

സമയം : 1½ മണിക്കൂർ
ആകെ സ്കോർ : 40

---

- ആദ്യത്തെ 15 മിനിറ്റ് ആശ്വാസസമയമാണ്.ചോദ്യങ്ങൾ വായിച്ച് ഉത്തരങ്ങൾ മനസ്സിൽ ക്രമീകരിക്കുന്നതിന് ഈ സമയം പ്രയോജനപ്പെടുത്തണം.
- നിർദേശങ്ങൾ ശ്രദ്ധയോടെ വായിച്ചുമനസ്സിലാക്കി ഉത്തരമെഴുതുക
- ഉത്തരമെഴുതുമ്പോൾ സമയവും സ്കോറും പരിഗണിക്കണം.

---

**1 മുതൽ 4 വരെ ചോദ്യങ്ങൾക്ക് ശരിയായ ഉത്തരം തിരഞ്ഞെടുത്ത് എഴുതുക.** **(4x1=4).**

1. 'അങ്കവും കാണാം താളിയും ഒടിക്കാം' - എന്ന ചൊല്ലിനെ സാധൂകരിക്കുന്ന കഥാസന്ദർഭം കണ്ടെത്തുക.
   - ബാലമണ്ഡലം കേൾക്കാനായി ചെമ്പുമത്തായിയുടെ വീട്ടിലേക്കു ചാക്കുണ്ണി എത്തുന്നു.
   - റേഡിയോ വാങ്ങാനായി ചാക്കുണ്ണി കഠിനമായി അധ്വാനിക്കുന്നു.
   - റേഡിയോ പരിപാടികൾ കേട്ടുകൊണ്ട് ചാക്കുണ്ണി തുന്നൽപ്പണിയിൽ ഏർപ്പെട്ടിരിക്കുന്നു.
   - പൊട്ടിയ റബ്ബർ ചെരുപ്പ് ചാക്കുണ്ണി മാറ്റി വാങ്ങിക്കാതിരിക്കുന്നു.

2. "ആ വീട്ടുകാരുടെ ഇടയിൽ ഒരഗ്നിപർവതം പൊട്ടാറായി നിൽക്കുകയാണ്."
   **(കോഴിയും കിഴവിയും)**

   അഗ്നിപർവതം എന്ന് കഥാകൃത്ത് സൂചിപ്പിക്കുന്നത് എന്തിനെയാണ്?
   - പേരച്ചുവട്ടിൽ വച്ച് ഉണ്ടായ വഴക്ക്
   - മത്തായിയുടെയും മർക്കോസിന്റെയും കുടുംബങ്ങൾ തമ്മിലുള്ള ശത്രുത
   - അയൽപക്കത്തെ കുട്ടികൾ തമ്മിലുള്ള സൗഹൃദം
   - മർക്കോസിന്റെ അപ്പന്റെ മരണം

3. "സാർവലൗകികത്വം (Universality) ശ്രീനാരായണോപദേശങ്ങളുടെ ഒരു സവിശേഷതയാണ്."

   ഈ വാക്യത്തിന്റെ ആശയത്തോടു യോജിക്കുന്ന പ്രസ്താവന കണ്ടെത്തുക.
   - ശ്രീനാരായണോപദേശങ്ങൾ ലോകം മുഴുവൻ പ്രസക്തമാണ്
   - പാശ്ചാത്യ രാജ്യങ്ങളിൽ മാത്രം ശ്രീനാരായണോപദേശങ്ങൾ പ്രസക്തമാണ്
   - ശ്രീനാരായണ ഗുരുവിന്റെ ഉപദേശങ്ങളിൽ കൂടുതലുള്ളത് ലൗകിക കാര്യങ്ങളാണ്
   - ആത്മീയ കാര്യങ്ങളാണ് ശ്രീനാരായണ ഗുരുവിന്റെ ഉപദേശങ്ങളിൽ കൂടുതൽ ഉള്ളത്.

4. "എന്റെ കണക്കൊക്കെ തെറ്റീലോ മത്തായിമൂപ്പരേ,
ഒക്കെ നിങ്ങള് എഴുതിവയ്ക്കണം."

ചാക്കുണ്ണിയുടെ ഈ വാക്കുകളിൽ തെളിയുന്നതെന്ത്?

- പലിശയുടെ കണക്ക് തെറ്റി
- ജീവിതത്തിന്റെ കണക്കു കൂട്ടൽ തെറ്റി
- എഴുതിവച്ച കണക്കുകൾ തെറ്റി
- ചെമ്പുമത്തായിയെക്കുറിച്ചുള്ള കണക്കുകൂട്ടലുകൾ തെറ്റി

**5 മുതൽ 7 വരെയുള്ള ചോദ്യങ്ങളിൽ 2 എണ്ണത്തിന് ഉത്തരമെഴുതുക.**

**(2x2=4)**

5. • അച്ഛൻ കിടന്നിരുന്ന മുറി ശൂന്യമായതോടെ
അമ്മ പലപ്പോഴും മൗനത്തിലേക്ക് ഇറങ്ങിപ്പോവുന്നു.

• പതിവുപോലെ അയാൾ ഓഫീസ് പൂട്ടി ഇറങ്ങിപ്പോവുന്നു.
അടിവരയിട്ട പദങ്ങളുടെ അർഥവ്യത്യാസം എഴുതുക.

6. ഭാരതീയവേദാന്തത്തിന്റെ പരമലക്ഷ്യമായ മോക്ഷം വ്യക്തിയെ മാത്രം സംബന്ധിക്കുന്ന ഉദാത്തീകൃതമായ ഒരുതരം സ്വാർഥതതന്നെയാകുന്നു.
-അർഥവ്യത്യാസം കൂടാതെ രണ്ടു വാക്യമാക്കുക.

7. "അവർ അന്നു സുഖമായി അത്താഴം കഴിച്ചു.
അൽപ്പം താമസിച്ചെന്നു മാത്രം"

**(കോഴിയും കിഴവിയും)**

ഈ വാക്യങ്ങളിൽ കഥയിലെ ചില പ്രധാന സംഭവങ്ങൾ ഒളിഞ്ഞിരിപ്പുണ്ട്.
രണ്ടു മുഹൂർത്തങ്ങൾ കണ്ടെത്തി എഴുതുക.

**8 മുതൽ 13 വരെയുള്ള ചോദ്യങ്ങളിൽ 5 എണ്ണത്തിന് ഉത്തരമെഴുതുക.**
**(5x4=20)**

8. "ഓരോന്നിനോരോ മൊഴിച്ചന്ത,മമ്മയാം
നേരിന്റെയീണവും താളവുമിമ്പവും"

**(അമ്മയുടെ എഴുത്തുകൾ)**

"...............അഴകിയ നാടൻ-
കവിതകൾ പാടിയിരിക്കും ചാരേ
ഞാനും കൈയിലെ വീണപ്പെണ്ണും"

**(ഓണമുറ്റത്ത്)**

കത്ത് എഴുതിയ അമ്മയും പുള്ളുവനായ കവിയും നാട്ടുനന്മകളാണ് പകർന്നു നൽകുന്നത്. പാഠഭാഗങ്ങൾ വിശകലനം ചെയ്ത് കുറിപ്പ് തയാറാക്കുക.

9. "പിന്നെ, മിക്കവാറും ദ്രവിച്ച റബ്ബർ ചെരുപ്പിട്ട് ആണി ബാധിച്ച കാലുകൾ മണ്ണിലൂടെ ഇഴച്ചുകൊണ്ട് അയാൾ തിരിഞ്ഞു നോക്കാതെ നടന്നു."

**(പണയം)**

കഥാന്ത്യത്തിലെ ഈ വാക്യത്തിൽ തെളിയുന്ന, ചാക്കുണ്ണി എന്ന കഥാപാത്രത്തിന്റെ ജീവിതാവസ്ഥ വിശകലനം ചെയ്യുക.

10. " ഏതോ വിഷാദസ്വരത്തിൽ അവൻ പറഞ്ഞു;
ഇല്ലച്ചമ്മേ ഒന്നും കേക്കില്ല. ടീവീന്റെ ഒച്ച മാത്രമേ കേൾക്കാൻ പറ്റൂ."

**(ഓരോ വിളിയും കാത്ത്)**

"റേഡിയോ ഓൺ ചെയ്തപ്പോൾ കുട്ടികളുടെ പാട്ടു കേട്ടു. ആരോ താളമടിക്കുന്നു. തപ്പു കൊട്ടുന്നു."

**(പണയം)**

ടെലിവിഷനും റേഡിയോയും രണ്ടുകഥാപാത്രങ്ങളെയും സ്വാധീനിക്കുന്നത് എങ്ങനെ? കഥാസന്ദർഭങ്ങൾ വിശകലനം ചെയ്ത് കുറിപ്പ് തയാറാക്കുക.

11. നന്മകൾ കേട്ടതു കണ്ടതു
ചൊല്ലാൻ നാക്കിനു കഴിയട്ടെ
തിന്മകൾ കണ്ടാൽ കൊത്തിക്കീറാൻ
കൊക്കിനു കഴിയട്ടെ

**(തത്തമ്മ - അയ്യപ്പപണിക്കർ)**

"നന്ദികെട്ട ഈ വംശത്തിന്റെ കൂടെ എനിക്കു കഴിയാൻമേല. ഇന്നലെ ഇവിടെ ഈ കൊച്ചുങ്ങളെപ്പോലും അറിയിക്കാതെ മാപ്പിളേം പെമ്പിളേം കൂടി കോഴിയെ വേവിച്ചു തിന്നേച്ച് അവന്റെ പേരിൽ കേസും. അവനെ അവന്റെ പാട്ടിനു വിട്ടേച്ചു നിങ്ങളു നിങ്ങടെ ജോലിക്കു പോയീൻ"

**(കോഴിയും കിഴവിയും)**

വൃദ്ധയുടെ ഈ പ്രതികരണം കാവ്യഭാഗത്തെ ആശയവുമായി എത്രത്തോളം യോജിക്കുന്നു? കണ്ടെത്തി വിശദീകരിക്കുക.

12. "ഇതൊക്കെ കുട്ട്യോളട പോലെ നോക്കണ്ട സാധനങ്ങളാണേ. റേഡിയോടെ പിന്നില് നോക്ക്യാ അറിയാം, ഒര് കുട്ടീടെ പടം....എന്താ അത്? ശരിക്കും സൂക്ഷിച്ച് വച്ചില്ലെങ്കില് പിന്നെ അത് പാടാണ്ടാവും...."

സ്വന്തം മകനോടുള്ള കരുതലും സ്നേഹവുമാണോ ചാക്കുണ്ണിയുടെ ഈ വാക്കുകളിൽ തെളിയുന്നത്? സ്വാഭിപ്രായം വ്യക്തമാക്കുക.

13. അപ്രധാനമെന്നു തോന്നിക്കുന്ന, വസ്തുക്കളേയും സംഭവങ്ങളേയും വികസിപ്പിച്ച് കാരൂർ നീലകണ്ഠപിള്ള മികച്ച കഥയാക്കി മാറ്റുന്നു. മരണശേഷം പ്രധാനകഥാപാത്രമായി മാറുന്ന കോഴിയാണ് 'കോഴിയും കിഴവിയും' എന്ന കഥയിലെ കേന്ദ്രബിന്ദു. - സമർഥിക്കുക.

**14 മുതൽ 16 വരെയുള്ള ചോദ്യങ്ങളിൽ 2 എണ്ണത്തിന് ഉത്തരമെഴുതുക.**
**(2x6=12)**

14. 'അയൽപക്കത്ത് അത്താഴപ്പട്ടിണിക്കാരൻ പാർത്താൽ അതൊരു സ്വൈരക്കേടാണെന്ന് അവനറിയാം. എങ്ങനെയും ഇവിടന്നു പറഞ്ഞുവിടണം.'

**(കോഴിയും കിഴവിയും)**

'പ്രളയത്തിൽ വീട് നഷ്ടപ്പെട്ട കുടുംബത്തിന് അയൽവാസി തുണയായി.'

**(പത്രവാർത്ത)**

കോഴിയും കിഴവിയും എന്ന കഥാഭാഗത്തിന്റെയും പത്രവാർത്തയുടെയും അടിസ്ഥാനത്തിൽ മനുഷ്യബന്ധങ്ങൾ ദൃഢമാകേണ്ടതിന്റെ ആവശ്യകതയെ അടിസ്ഥാനമാക്കി ഉപന്യാസം തയാറാക്കുക.

15. ഇതിലേ നടന്നുപോയ് വലിയവർ
ഈ നാട്ടുവഴികളിലെല്ലാം നിലാവായ് പടർന്നവർ

**- സച്ചിദാനന്ദൻ**

ശ്രീനാരായണ ഗുരു ബഹുലക്ഷം ജനങ്ങളുടെ അന്ധകാര ജീവിതത്തിൽ പ്രകാശം പരത്തി അവരെ സ്വാതന്ത്ര്യബോധമുള്ള മനുഷ്യരാക്കി.

**- കുറ്റിപ്പുഴ കൃഷ്ണപിള്ള**

സച്ചിദാനന്ദന്റെ വരികളും പാഠഭാഗവും വിശകലനം ചെയ്ത് 'ശ്രീനാരായണ ഗുരു കാലാതീതനായ നവോത്ഥാനനായകൻ' എന്ന വിഷയത്തിൽ പ്രഭാഷണം തയാറാക്കുക.

16. നാട്ടുമാവിന് കാവലാകുന്നതിലൂടെ പ്രകൃതിയെ സംരക്ഷിക്കുന്ന ഒരമ്മയെ 'കൊച്ചുചക്കരച്ചി' എന്ന പാഠഭാഗത്തുകാണാം. അയൽബന്ധങ്ങളുടെ നന്മകൾ നിലനിർത്തണമെന്ന് ആഗ്രഹിക്കുന്ന അമ്മ 'കോഴിയും കിഴവിയും' എന്ന കഥയിലുമുണ്ട്. ഇത്തരം നന്മകളുടെ സന്ദേശമാണ്. 'അമ്മയുടെ എഴുത്തുകൾ' എന്ന കവിതയിലും കാണുന്നത്.

രചനകളിലെ ആശയങ്ങൾ പരിഗണിച്ച് 'മുതിർന്ന തലമുറ നൽകുന്ന നന്മയുടെ പാഠങ്ങൾ' എന്ന വിഷയത്തിൽ ഉപന്യാസം തയാറാക്കുക.

..............................